**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2346** **21-06-2024 - ൽ മറുപടിയ്ക്ക്**

**വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നടത്തിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | യാത്രക്കാരുടെ സൗകര്യങ്ങൾക്കായി വിഭാവനം ചെയ്ത വഴിയോര വിശ്രമകേന്ദ്രങ്ങളുടെ നടത്തിപ്പ് ഉദ്ദേശ്യലക്ഷ്യമനുസരിച്ചുള്ള രീതിയിൽ തന്നെയാണോ നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കുടുംബശ്രീ മിഷനും ശുചിത്വ മിഷനും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ട് . യാത്രക്കാരുടെ സൗകര്യങ്ങൾക്കായി വിഭാവനം ചെയ്ത ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങളുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ മുഖേനയോ, അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ ആണ് നടത്തുന്നത്. പുതുതായി പണിക്കഴിപ്പിച്ചവയുടെ നടത്തിപ്പും പരിപാലനവും കുടുംബശ്രീ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പല വിശ്രമകേന്ദ്രങ്ങളും പൂർണ്ണമായും വാണിജ്യാവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>പൂർത്തിയായശേഷം ഉപയോഗിക്കാത്ത വഴിയോര വിശ്രമ കേന്ദ്രങ്ങൾ കുടുംബശ്രീ മുഖേനയോ സഹകരണ സംഘങ്ങൾ മുഖേനയോ തൊഴിൽ രഹിതർക്ക് പ്രത്യേകിച്ചും വനിതകൾക്ക് വരുമാനം ഉണ്ടാകത്തക്ക രീതിയിൽ വഴിയോര വിശ്രമ കേന്ദ്രങ്ങൾക്കൊപ്പം ചെറുകിട സംരംഭങ്ങൾ ഉൾപ്പെടെ പ്രവർത്തി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | തിരുവമ്പാടി മണ്ഡലത്തിൽ യാത്രക്കാർക്ക് ഇനിയും സൗകര്യമൊരുക്കാത്ത തദ്ദേശ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | **തിരുവമ്പാടി മണ്ഡലത്തിൽ കാരശ്ശേരി ഗ്രാമ പഞ്ചായത്തിൽ ടെൻഡർ നടപടികൾ സ്വീകരിച്ച് വരുന്നതിനാലും, മുക്കം മുനിസിപ്പാലിറ്റിയിൽ അഗസ്ത്യമുഴി ടേക്ക് എ ബ്രേക്ക് പദ്ധതി സംബന്ധിച്ച് ഹൈക്കോടതി കേസ് നിലവിലുള്ളതിനാലും പദ്ധതികൾ ആരംഭിച്ചിട്ടില്ല. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ പദ്ധതി നിലവിലുണ്ട്.** |

സെക്ഷൻ ഓഫീസർ